"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - അയ്യങ്കാളി നഗര തൊഴിലുറപ്പ് തൊഴിലുറപ്പ് പദ്ധതി - ഐ.ടി.ഓഫീസർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ഹിരൺകൃഷ്ണയുടെ കരാർ കാലാവധി ഒരു വർഷത്തേക്ക് കൂടി നീട്ടി നൽകുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1882/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 02/09/2019

പരാമർശം:- 1 സ.ഉ.(സാധാ)നം.1654/2017/ത.സ്വ.ഭ.വ തീയതി 19.05.2017

2 നഗരകാര്യ ഡയറക്ടറുടെ 07.06.2019,18.07.2019 തീയതികളിലെ ഡി.സി.3 - 7083/2017 നമ്പർ കത്തുകൾ

ഉത്തരവ്

അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ പരാമർശം (1) ഉത്തരവ് പ്രകാരം 01.04.2017 മുതൽ ഐ.ടി.ഓഫിസറായി കാറ്റഗറി XI തസ്തികയിൽ സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ.ഹിരൺകൃഷ്ണയുടെ കരാർ കാലാവധി 31.03.2019-ൽ അവസാനിച്ചിട്ടുണ്ടെന്നും ടിയാന്റെ കരാർ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കാൻ അനുമതി നൽകണമെന്നും പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി. കരാർ കാലാവധി അവസാനിച്ച 01.04.2019-ന് ശേഷവും ടിയാൻ സേവനത്തിൽ തുടരുന്നുണ്ടെന്നും പദ്ധതിയുമായി ബന്ധപ്പെട്ട ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിച്ച് വരുന്നുണ്ടെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഐ.ടി.ഓഫീസർ കാറ്റഗറി XI തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ഹിരൺകൃഷ്ണയുടെ കരാർ കാലാവധി, കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന കരാർ സേവന വ്യവസ്ഥകൾക്ക് വിധേയമായി, നഗരകാര്യ ഡയറക്ടറുടെ ശുപാർശ പ്രകാരം ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEKALA T.P.
അണ്ടർ സെക്രട്ടറി

പകർപ്പ്: നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്),തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ),തിരുവനന്തപുരം

കൗൺസിൽ അംഗങ്ങൾക്ക് (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ